“ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - സർക്കാർ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും സർക്കാർ നയങ്ങളും മറ്റ് പ്രഖ്യാപനങ്ങളും നടപ്പിലാക്കാൻ സജ്ജമാക്കുന്നതിലേക്കുമായി ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിൽ കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ (Co-ordination and Programme Management Division - CPMD) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (അതീവ രഹസ്യ) വകുപ്പ്**

സ.ഉ.(കൈ) നം.71/2026/GAD തീയതി, തിരുവനന്തപുരം, 13.07.2026

---

**<u>ഉത്തരവ്</u>**

ആധുനിക ഭരണസംവിധാനത്തിൽ സർക്കാരിന്റെ നയപരമായ മുൻഗണനാ പ്രവർത്തനങ്ങൾ ഉദ്ദേശ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുന്ന സംവിധാനങ്ങൾ അനിവാര്യമാണ്. നയരൂപീകരണം, നിയമപരമായ ചുമതലകൾ, സ്വന്തം അധികാരപരിധിയിലുള്ള പദ്ധതികളുടെ നടപ്പാക്കൽ എന്നിവ അതത് വകുപ്പുകളുടെ ഉത്തരവാദിത്തമായാണ് തുടരുന്നതെങ്കിലും, വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും മുൻഗണനാ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് ക്രമബദ്ധമായ ഏകോപനം, സമയബന്ധിതമായ തീരുമാനമെടുക്കൽ, കാര്യക്ഷമമായ നടപ്പാക്കൽ-നിരീക്ഷണ സംവിധാനം എന്നിവ ആവശ്യമാണ്. അടിസ്ഥാന സൗകര്യ വികസനം, വ്യവസായം, കണക്റ്റിവിറ്റി, ലോജിസ്റ്റിക്സ്, നിക്ഷേപ സൗകര്യവൽക്കരണം, പൊതുസേവനം തുടങ്ങിയ പ്രധാന മേഖലകളിൽ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനവും സംയോജിത ആസൂത്രണവും പരസ്പര പൂരകമായ പ്രവർത്തനങ്ങളും ലക്ഷ്യങ്ങൾ ഫലപ്രദമായി കൈവരിക്കുന്നതിനുള്ള നിർണായക ഘടകങ്ങളാണ്. ഈ സാഹചര്യത്തിൽ വകുപ്പുകൾ തമ്മിലുള്ള തന്ത്രപരമായ ഏകോപനം സാധ്യമാക്കുന്നതിനും, നടപ്പാക്കൽ പുരോഗതി നിരീക്ഷിക്കുന്നതിനും, വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വകുപ്പുകൾക്കുണ്ടാകുന്ന വെല്ലുവിളികൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിനും ഒരു കേന്ദ്രീകൃത സംവിധാനം ആവശ്യമാണ്.

2. ഈ പശ്ചാത്തലത്തിൽ, സർക്കാരിന്റെ മുൻഗണനാ വിഷയങ്ങൾ, ബജറ്റ് പ്രഖ്യാപനങ്ങൾ, നയപരമായ പരിപാടികൾ എന്നിവ ഫലപ്രദമായി നടപ്പാക്കുക, വിവിധ പദ്ധതികളുടെ ഏകോപനം സാദ്ധ്യമാക്കുക, വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുക, പ്രോഗ്രാം മാനേജ്മെന്റിനുള്ള ചട്ടക്കൂടുകൾ വികസിപ്പിക്കുക,

നയപരമായ ഏകോപനത്തിന് പിന്തുണ നൽകുക, തെളിവ് അടിസ്ഥാനമാക്കിയുള്ള തീരുമാനമെടുക്കൽ (Evidence-based Decision Making) പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാരിന്റെ പദ്ധതികൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഏകോപിപ്പിക്കുന്നതിനും സർക്കാർ നയങ്ങളും മറ്റ് പ്രഖ്യാപനങ്ങളും വ്യക്തമായ ഘടനയോടെ നടപ്പിലാക്കാൻ സജ്ജമാക്കുന്നതിനും പദ്ധതി നിർവ്വഹണ രൂപരേഖ തയ്യാറാക്കുന്നതിനുമായി ഒരു ഏകോപന പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ (Co-ordination & Programme Management Division – CPMD) ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിൽ രൂപീകരിച്ച് ഉത്തരവാകുന്നു.

3. നിലവിലുള്ള സംവിധാനങ്ങൾക്ക് പൂരകമായിട്ടായിരിക്കും ഈ ഡിവിഷന്റെ പ്രവർത്തനം. വകുപ്പുകൾ തമ്മിലുള്ള പ്രശ്നങ്ങൾ/തർക്കങ്ങൾ വേഗത്തിൽ പരിഹരിക്കാനാകുന്ന തരത്തിൽ ചീഫ് സെക്രട്ടറിക്ക് നേരിട്ടോ അല്ലാതെയോ റിപ്പോർട്ട് ചെയ്യുന്ന സംവിധാനം, ഉയർന്ന പ്രാവീണ്യവും ബഹുവിഷയങ്ങളിൽ വൈദഗ്ധ്യവുമുള്ള ഒരു പ്രൊഫഷണൽ സംഘത്തിന്റെ സേവനം, താൽക്കാലിക റിപ്പോർട്ടിംഗിൽ മാത്രം ആശ്രയിക്കാതെ, പ്രോഗ്രാം രജിസ്ട്രികൾ, ഡാഷ്ബോർഡുകൾ, ക്രമബദ്ധമായ അവലോകന സംവിധാനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള പെർഫോമൻസ് മാനേജ്മെന്റ് സംവിധാനം എന്നിവ നിർദ്ദിഷ്ട ഡിവിഷന്റെ സവിശേഷതകളാണ്.

4. ഏകോപന- പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ (Co-ordination & Programme Management Division) (CPMD) മുഖ്യമന്ത്രിയുടെ ഓഫീസിനും (CMO) ചീഫ് സെക്രട്ടറിയുടെ ഓഫീസിനും (CSO) പിന്തുണ നൽകി പ്രവർത്തിക്കും. ഇതിനായി പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിൽ ലഭ്യമായ പ്രൊഫഷണൽ വിഭവശേഷി പ്രയോജനപ്പെടുത്തും. കാര്യനിർവ്വഹണ ചട്ടങ്ങൾ പ്രകാരമുള്ള പതിവ് ഭരണക്രമത്തിൽ മാറ്റമുണ്ടാകുകയോ വകുപ്പുകളുടെ നിയമപരമായ ചുമതലകളും പദ്ധതി നടപ്പാക്കലിന്റെ ഉത്തരവാദിത്വങ്ങളും ഈ വിഭാഗം ഏറ്റെടുക്കുകയോ ഇല്ല. ഏകോപന പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷന്റെ വിശദമായ പ്രവർത്തന രീതിയും ചുമതലകളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

5. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഐ.എ.എസ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലാണ് ഡിവിഷൻ പ്രവർത്തിക്കേണ്ടത്. കൂടാതെ ഡിവിഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ചുവടെപ്പറയും പ്രകാരം ഉദ്യോഗസ്ഥരെ മറ്റു വകുപ്പുകളിൽ നിന്നും പുനർവിന്യാസത്തിലൂടെ നിയമിക്കേണ്ടതുമാണ്.

- അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി -1
- ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറി -1
- സെക്ഷൻ ഓഫീസർ -1
- അസ്സിസ്റ്റന്റ് -3
- കമ്പ്യൂട്ടർ അസ്സിസ്റ്റന്റ് -1

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

റസിഡന്റ് കമ്മീഷണർ, കേരളഹൗസ്, ന്യൂഡൽഹി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ & ഇ), തിരുവനന്തപുരം

പൊതുഭരണ (സർവ്വീസസ്), (എ.ഐ.എസ്), (അക്കൗണ്ട്സ്), (ഹൗസ് കീപ്പിംഗ് സെൽ) വകുപ്പുകൾ

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന്. (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

**അനുബന്ധം**

## I. പ്രോഗ്രാം മാനേജ്മെന്റ്

**Programme Management** വിഭാഗം പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതാണ്. സർക്കാർ നയങ്ങളും ബജറ്റ് പ്രഖ്യാപനങ്ങളും വ്യക്തമായ ഘടനയോടെ നടപ്പാക്കുന്നതിന് വേണ്ട പരിപാടികളും പദ്ധതികളും രൂപാന്തരപ്പെടുത്തുന്നതിന് വകുപ്പുകൾക്ക് സാങ്കേതിക പിന്തുണയും മാർഗനിർദേശവും നൽകുന്ന സംവിധാനമായി പ്രവർത്തിക്കുന്നു. പ്രോഗ്രാം മാനേജ്മെന്റിന്റെ പൊതുവായ ചുമതലകൾ ചുവടെ പറയുന്നു.

1. പദ്ധതികളുടെ മുഴുവൻ നടപ്പാക്കൽ ഘട്ടത്തിലും (Implementation Lifecycle) പുരോഗതി നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
2. സർക്കാർ മുൻഗണന നൽകുന്ന പരിപാടികളിൽ മാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കുക
3. പ്രോഗ്രാം മാനേജ്മെന്റിന് പിന്തുണ നൽകി ക്രമബദ്ധമായ ആസൂത്രണം സുഗമമാക്കുക.
4. പദ്ധതി നിർവ്വഹണ പുരോഗതി നിരീക്ഷിച്ച് നടപ്പാക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സഹായിക്കുക
5. പ്രോഗ്രാം ആസൂത്രണം, പദ്ധതി ഘടന രൂപീകരണം, നടപ്പാക്കൽ നിരീക്ഷണം, പുരോഗതി റിപ്പോർട്ടിംഗ് എന്നിവയ്ക്കായി പൊതുവായ ചട്ടക്കൂടുകൾ, മാർഗനിർദേശങ്ങൾ, നടപടിക്രമങ്ങൾ, റിപ്പോർട്ടിംഗ് മാതൃകകൾ എന്നിവ വികസിപ്പിക്കുക. (നയരൂപീകരണം, തിങ്ക് ടാങ്ക് (Think Tank) പിന്തുണ, പൊതുമേഖല–സ്വകാര്യ പങ്കാളിത്തവും (PPP) വിദേശസഹായ പദ്ധതികളും)
6. പദ്ധതിയുടെ ലക്ഷ്യങ്ങൾ, നടപ്പാക്കുന്ന വകുപ്പ്, സമയക്രമം, പ്രധാന നാഴികക്കല്ലുകൾ (Milestones), നിലവിലെ പുരോഗതി എന്നിവ ഉൾപ്പെടുത്തി സംസ്ഥാനത്തെ മുൻഗണനാ പരിപാടികളുടെയും പദ്ധതികളുടെയും സമഗ്ര രജിസ്ട്രി (Repository) പരിപാലിക്കുക
7. സർക്കാർ മുൻഗണനാ പദ്ധതികൾ, ബജറ്റ് പ്രഖ്യാപനങ്ങൾ, തന്ത്രപ്രധാന സംരംഭങ്ങൾ എന്നിവ വ്യക്തമായ നടപ്പാക്കൽ സമീപനവും, ഡെലിവറി ചട്ടക്കൂടും, സമയക്രമവും ഉൾക്കൊള്ളുന്ന ക്രമബദ്ധമായ പരിപാടികളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വകുപ്പുകൾക്ക് സാങ്കേതിക പിന്തുണ നൽകുക.
8. സർക്കാർ പ്രത്യേകമായി ഏൽപ്പിക്കുന്ന സംരംഭങ്ങളുടെ പരിപാടി/പദ്ധതി രൂപകൽപ്പനയിൽ സഹായിക്കുക. ആശയക്കുറിപ്പുകൾ (Concept Notes), പദ്ധതി സംഗ്രഹങ്ങൾ (Project Briefs), നടപ്പാക്കൽ പദ്ധതികൾ (Implementation Plans) എന്നിവ തയ്യാറാക്കുന്നതിൽ പിന്തുണ നൽകുക.

9. മുൻഗണനാ പരിപാടികളുടെയും പദ്ധതികളുടെയും പുരോഗതി നിരീക്ഷിക്കുക. കാലതാമസം, തടസ്സങ്ങൾ, പരസ്പര ആശ്രിതത്വങ്ങൾ (Dependencies), നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ (Implementation Risks) എന്നിവ തിരിച്ചറിഞ്ഞ് യോഗ്യമായ അധികാരികളുടെ അവലോകനത്തിനായി സ്ഥിതിവിവര റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക.

10. പരിപാടികളുടെ പുരോഗതി നിരീക്ഷണത്തിനും മേൽനോട്ടത്തിനുമായി ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനങ്ങൾ, ഡാഷ്ബോർഡുകൾ, റിപ്പോർട്ടിംഗ് സംവിധാനങ്ങൾ എന്നിവ വികസിപ്പിച്ച് നടപ്പാക്കുന്നതിന് പിന്തുണ നൽകുക.

11. സ്റ്റാൻഡേർഡ് ടൂളുകൾ, രീതിശാസ്ത്രങ്ങൾ, ശേഷി വർദ്ധിപ്പിക്കൽ പിന്തുണ എന്നിവയിലൂടെ ഡാറ്റ, റിപ്പോർട്ടിംഗ്, വാലിഡേഷൻ സ്റ്റാൻഡേർഡുകൾ സ്ഥാപിക്കുകയും പ്രോഗ്രാം മാനേജ്മെന്റ് രീതികൾ ശക്തിപ്പെടുത്തുകയും ചെയ്യുക.

12. ബജറ്റ് പ്രഖ്യാപനങ്ങളുടെയും നയപരമായ സർക്കാർ സംരംഭങ്ങളുടെയും പുരോഗതി, നിർവ്വചിക്കപ്പെട്ട നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ച് ക്രമബദ്ധമായി പിന്തുടരുന്നതിന് പിന്തുണ നൽകുക.

13. മുൻഗണനാ പരിപാടികൾക്കാവശ്യമായ ധനസമാഹരണം (Funding Mobilization) ഉറപ്പാക്കുന്നതിന് പിന്തുണ നൽകുക.

## II. ഏകോപനം (Co-ordination)

മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും ഓഫീസുകളും ഇതര സർക്കാർ സംവിധാനങ്ങളും യോജിപ്പിച്ചുള്ള നടപടിക്രമങ്ങൾ, അന്തർ-വകുപ്പ് കൂടിയാലോചനകൾ, പ്രതിസന്ധി ഘട്ടങ്ങളിലെ ഏകോപനം, ഔദ്യോഗിക ആശയവിനിമയം എന്നിവ സുഗമമാക്കുന്ന സി.പി.എം.ഡി-ക്കുള്ളിലെ പ്രധാന കേന്ദ്രമായി ഏകോപന വിഭാഗം പ്രവർത്തിക്കുന്നു.

എല്ലാ വകുപ്പുകൾക്കും പ്രയോജനപ്പെടുന്ന ഒരു സെമി-ഓട്ടോമേറ്റഡ് വർക്ക്ഫ്ലോ സൃഷ്ടിക്കുന്നതും ഏകോപന കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ രീതികളുമായി യോജിക്കുന്ന തരത്തിലുള്ള ഒരു ഗ്രേഡഡ് എസ്കലേഷൻ രീതി പിന്തുടരുന്നതുമായിരിക്കും. അതാത് വകുപ്പുകളിലെ പൊതു പ്രശ്നങ്ങൾ CPMD കോർഡിനേഷൻ വിഭാഗത്തിൽ പരിഹരിക്കുന്നതിനും ഉയർന്ന തലത്തിലുള്ള ഇടപെടൽ ആവശ്യമുള്ള കാര്യങ്ങൾ ചീഫ് സെക്രട്ടറിയുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനും, തന്ത്രപരമായ പ്രാധാന്യമുള്ളതോ ഉന്നതതല പരിഗണന ആവശ്യമുള്ളതോ ആയ കാര്യങ്ങൾ ഉചിതമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതുമായ തരത്തിലാണ് ഏകോപന വിഭാഗത്തിന്റെ പ്രവർത്തനം. ഏകോപന വിഭാഗത്തിന്റെ പൊതുവായ ചുമതലകൾ ചുവടെപ്പറയുന്നു.

1. ഉന്നതതല അവലോകന സംവിധാനങ്ങളും ഒന്നിലധികം വകുപ്പുകളുടെ നടപടി ആവശ്യമുള്ള തീരുമാനങ്ങളുടെ തുടർനടപടികളും ഏകോപിപ്പിക്കുക.
2. അന്തർ-വകുപ്പ് തലത്തിലുള്ള പ്രശ്നങ്ങൾ, നിർവ്വഹണത്തിലെ തടസ്സങ്ങൾ എന്നിവ പരിഹരിക്കാൻ സഹായിക്കുക. ഉന്നതതല ഇടപെടൽ ആവശ്യമുള്ള കാര്യങ്ങൾ ഉചിതമായ രീതിയിൽ മുഖ്യമന്ത്രിയുടെയോ ചീഫ് സെക്രട്ടറിയുടെയോ മുമ്പാകെ അവതരിപ്പിക്കുക.
3. ഒന്നിലധികം വകുപ്പുകളുടെ പങ്കാളിത്തം ആവശ്യമായ മുൻനിര (flagship), മുൻഗണനാ പരിപാടികൾ/പ്രോജക്റ്റുകൾ, ബജറ്റ് പ്രഖ്യാപനങ്ങൾ, പ്രധാന സംരംഭങ്ങൾ എന്നിവയുടെ ഏകോപനം നടത്തുക (ഉദാഹരണം വിഷൻ 2031 വികസന ലക്ഷ്യങ്ങൾ, 100 ദിന കർമ്മപരിപാടി).
4. കേന്ദ്ര മന്ത്രാലയങ്ങൾ, കേന്ദ്ര സർക്കാർ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയുമായുള്ള ഇടപാടുകൾ ഉൾപ്പെടെ ഭാരത സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഏകോപനം. കേന്ദ്ര ഏകോപനം ആവശ്യമുള്ള വിഷയങ്ങളിൽ സംസ്ഥാന വകുപ്പുകളെ സജ്ജമാക്കുക (ഉദാഹരണം കേന്ദ്രാവിഷ്കൃത പദ്ധതികൾ, സി.എസ്.എസ് ഫണ്ട്-ഫ്ലോ അവലോകനം, MPLADS നിരീക്ഷണം).
5. മറ്റ് സംസ്ഥാന സർക്കാരുകൾ, പ്രാദേശിക സ്ഥാപനങ്ങൾ, അന്തർ സംസ്ഥാന സംവിധാനങ്ങൾ എന്നിവയുടെ ഇടപെടൽ ആവശ്യമുള്ള അന്തർ സംസ്ഥാന കാര്യങ്ങളുടെയും പ്രശ്നങ്ങളുടെയും ഏകോപനം.
6. വിഷയങ്ങളിലെ തുടർനടപടികൾ ഉൾപ്പെടെ, ഭരണഘടനാപരമായതും, നിയമപരമായതും, ജുഡീഷ്യൽ സ്ഥാപനങ്ങളുമായി ഇടപെടേണ്ടതുമായ കാര്യങ്ങളുടെ ഏകോപനം.
7. പാർലമെന്റ് സമ്മേളനത്തിന്റെ മുന്നൊരുക്കത്തിന്റെ ഭാഗമായ എം.പി മാരുടെ മീറ്റിംഗുകൾ, കോൺഫറൻസുകൾ, കൂടിയാലോചനാ സംവിധാനങ്ങൾ എന്നിവയുടെ ഏകോപനം.
8. കൂട്ടായ ഭരണ നിർവ്വഹണം ആവശ്യമുള്ള കാര്യങ്ങളിൽ ജില്ലാ ഭരണകൂടങ്ങൾ, വിവിധ ഏജൻസികൾ, മറ്റ് ഔദ്യോഗിക പങ്കാളികൾ എന്നിവരുമായുള്ള ഏകോപനം.
9. അടിയന്തര സാഹചര്യങ്ങളിൽ സമയബന്ധിതമായ പ്രതികരണത്തിനായി വകുപ്പുകൾ, ഏജൻസികൾ, ബാഹ്യ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം ഉൾപ്പെടെ ദുരന്ത-പ്രതിസന്ധി നിവാരണത്തിനായുള്ള നോഡൽ കോർഡിനേഷൻ സംവിധാനമായി പ്രവർത്തിക്കുക.

*******        *******        *******

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-07-2026

ഇനം നം : 71

O.A.

വിഷയം : പൊതുഭരണ വകുപ്പ് - പ്രോഗ്രാം മാനേജ്മെന്റ് (Programme Management) ഏകോപനം (Co-ordination) എന്നിങ്ങനെ രണ്ട് വിഭാഗങ്ങളുള്ള ഒരു കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ (Co-ordination and Programme Management Division) ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിൽ രൂപീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.